ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1089

# സൂറ – 36 / യാസീൻ

## സൂക്തം: 40 – 46

സൂര്യ-ചന്ദ്രഗോളങ്ങൾ നിശ്ചിത പഥത്തിലും വേഗത്തിലും മാത്രം ഭ്രമണം ചെയ്തുകൊണ്ടും രാപ്പകൽക്രമം നിമിഷാർധം പോലും തെറ്റാതെ കൃത്യമായി പാലിക്കപ്പെട്ടുകൊണ്ടും, ഭൂമിയുടെയും അതിൽ ജീവിക്കുന്ന മനുഷ്യന്റെയും നിലനിൽപിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഈ സംവിധാനം പ്രാപഞ്ചിക വസ്തുക്കളുടെയെല്ലാം കടിഞ്ഞാൺ ഏകനായ ദൈവത്തിന്റെ അജയ്യ ഹസ്തങ്ങളിലാകുന്നു എന്നതിന്റെ വ്യക്തമായ തെളിവാകുന്നു.

لَا ٱلشَّمْسُ يَنۢبَغِى لَهَآ أَن تُدْرِكَ ٱلْقَمَرَ وَلَا ٱلَّيْلُ سَابِقُ ٱلنَّهَارِ ۚ وَكُلٌّ فِى فَلَكٍ يَسْبَحُونَ ﴿٤٠﴾

40. സൂര്യൻ ചന്ദ്രനെ പ്രാപിക്കേണ്ട കാര്യമില്ല. രാവു പകലിനെ കവച്ചുകടക്കുന്നതുമല്ല. ഓരോ ഗോളവും സ്വന്തം പഥത്തിൽ മാത്രം നീന്തിക്കൊണ്ടിരിക്കുകയാണ്.

**40**

لَا الشَّمْسُ يَنبَغِي لَهَا = സൂര്യന് വേണ്ടതില്ല, ആവശ്യമില്ല, (പ്രകൃതിക്കും ധർമത്തിനും ചേർന്നതല്ല)

أَن تُدْرِكَ الْقَمَرَ = അതു ചന്ദ്രനെ പ്രാപിക്കൽ (ഗ്രസിക്കേണ്ട കാര്യം)

وَلَا اللَّيْلُ سَابِقُ النَّهَارِ = രാവ് പകലിനെ കവച്ചു കടക്കുന്നതുമല്ല  وَكُلٌّ = എല്ലാ ഓരോന്നും (ഓരോ ഗോളവും)

فِي فَلَكٍ = ഒരു (സ്വന്തം) പഥത്തിൽ  يَسْبَحُونَ = നീന്തിക്കൊണ്ടിരിക്കുന്നു, ഭ്രമണം ചെയ്തു കൊണ്ടിരിക്കുന്നു

അതായത് സൂര്യ-ചന്ദ്രന്മാരുൾപ്പെടെ സകല പ്രാപഞ്ചിക പ്രതിഭാസങ്ങളും അല്ലാഹുവിന്റെ കണിശമായ നിയന്ത്രണത്തിലാകുന്നു. അവൻ നിശ്ചയിച്ചുകൊടുത്ത പ്രവർത്തനക്രമത്തിൽനിന്ന് കടുകിട വ്യതിചലിക്കാൻ ഒരു സൃഷ്ടിക്കും കഴിയില്ല. സൂര്യഗോളം അതിന്റെ ഭ്രമണം വിട്ട് ചന്ദ്രന്റെ ഭ്രമണപഥത്തിൽ കടക്കാനോ ചന്ദ്രനെ ഗ്രസിക്കാനോ ശ്രമിക്കുകയില്ല. അതിനു കഴിയുകയുമില്ല. لَا الشَّمْسُ يَنبَغِي لَهَا എന്നാണ് മൂലവാക്യം. സാധാരണ ശൈലിയിൽനിന്ന് വ്യത്യസ്തമായി കർത്താവിനെ ക്രിയക്കു മുമ്പ് പറഞ്ഞിരിക്കുകയാണ്. നിഷേധാർഥത്തെ കൂടുതൽ ഊന്നുന്നതിനാണീ ശൈലി സ്വീകരിക്കുന്നത്. لا ينبغى للشمس എന്നാണ് സാധാരണ ശൈലി. ഉചിതമായത് ആഗ്രഹിക്കുകയും തേടുകയും ചെയ്യുകയാണ് انبغاء. അതിൽനിന്നുള്ള ക്രിയാ പദമാണ് ينبغى. ഒരാൾക്ക് അഭിലഷണീയമാണ്, ഉചിതമാണ്, തേടേണ്ടതാണ് എന്ന അർഥത്തിൽ ينبغى له എന്നു പറയും. ഉചിതമല്ലാത്തതും തന്റെ പ്രകൃതിക്കും ധർമത്തിനും നിരക്കാത്തതുമായ കാര്യത്തെ لا ينبغى له എന്നും. كما ينبغى എന്നാൽ വേണ്ടതുപോലെ. ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിക്കേണ്ട കാര്യം സൂര്യനില്ല. അത് അതിന്റെ പ്രകൃതിക്കും ധർമത്തിനും നിരക്കുന്നതല്ല. സൂര്യൻ ശ്രമിച്ചാലും അതിനു കഴിയുകയുമില്ല എന്നാണിവിടെ ഈ പ്രയോഗത്തിന്റെ താൽപര്യം. രാവ് പകലിനെ മറികടക്കുകയുമില്ല. ഗഗന ഗോളങ്ങളെല്ലാം അവക്ക് നിശ്ചയിച്ചുകൊടുത്ത സഞ്ചാരപഥത്തിൽ മാത്രം സഞ്ചരിക്കുന്നു. അതുകൊണ്ടാണീ പ്രപഞ്ചം അഭംഗുരം നിലനിൽക്കുന്നത്.

ഗോളങ്ങൾ അവയുടെ ഭ്രമണപഥം ലംഘിച്ചാൽ പരസ്പരം കൂട്ടിയിടിച്ച് ഭൂമിയുൾപ്പെടെ ഗോളലോകം തകരുകയായിരിക്കും ഫലം. രാപ്പകലുകൾ പരസ്പരം മറികടക്കാൻ തുടങ്ങിയാലും ഭൂമിയുടെ പ്രവർത്തനം താളം തെറ്റും. സൂര്യ-ചന്ദ്രഗോളങ്ങൾ നിശ്ചിത പഥത്തിലും വേഗത്തിലും മാത്രം ഭ്രമണം ചെയ്തുകൊണ്ടും രാപ്പകൽക്രമം നിമിഷാർധം പോലും തെറ്റാതെ കൃത്യമായി പാലിക്കപ്പെട്ടുകൊണ്ടും, ഭൂമിയുടെയും അതിൽ ജീവിക്കുന്ന മനുഷ്യന്റെയും നിലനിൽപിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഈ സംവിധാനം പ്രാപഞ്ചിക വസ്തുക്കളുടെയെല്ലാം കടിഞ്ഞാൺ ഏകനായ ദൈവത്തിന്റെ അജയ്യ ഹസ്തങ്ങളിലാകുന്നു എന്നതിന്റെ വ്യക്തമായ തെളിവാകുന്നു. അവൻ തന്നെയാണ് സകലതിന്റെയും ഉടമയും പരമാധികാരിയും. അവനല്ലാത്ത മറ്റാർക്കെങ്കിലും ഈ സംവിധാനത്തിൽ കൈയുണ്ടായിരുന്നുവെങ്കിൽ വൈരുധ്യങ്ങൾ തമ്മിലുള്ള സംഘർഷത്താൽ പ്രപഞ്ചം നശിച്ചുപോയിട്ടുണ്ടാകുമായിരുന്നു. അല്ലാഹു ഗോളലോകത്തിന്റെ നിയന്ത്രണത്തിൽ അയവു വരുത്തുമ്പോൾ പ്രപഞ്ചം താറുമാറാകും. 'സൂര്യൻ ചുരുട്ടപ്പെടുകയും താരകങ്ങൾ ഉതിർന്നു വീഴുകയും പർവതങ്ങൾ അവയുടെ സ്ഥാനം വിട്ട് ചലിക്കപ്പെടുകയും ചെയ്യുമ്പോൾ' ലോകാവസാനം സംഭവിക്കുമെന്ന് 81:1-3-ൽ പറയുന്നുണ്ട്. ●

---

وَءَايَةٌ لَّهُمْ أَنَّا حَمَلْنَا ذُرِّيَّتَهُمْ فِى ٱلْفُلْكِ ٱلْمَشْحُونِ ﴿٤١﴾

41. അവരുടെ വംശത്തെ നാം നിറഞ്ഞ കപ്പലിൽ വഹിച്ച് രക്ഷിച്ചതും ഒരു മഹാ ദൃഷ്ടാന്തമാകുന്നു.

وَخَلَقْنَا لَهُم مِّن مِّثْلِهِۦ مَا يَرْكَبُونَ ﴿٤٢﴾

42. അവർക്ക് സഞ്ചരിക്കാൻ അതുപോലുള്ള വേറെ വാഹനങ്ങളും സൃഷ്ടിച്ചുകൊടുത്തതും.

وَإِن نَّشَأْ نُغْرِقْهُمْ فَلَا صَرِيخَ لَهُمْ وَلَا هُمْ يُنقَذُونَ ﴿٤٣﴾

43. നമുക്ക് വേണമെങ്കിൽ അവരെ മുക്കിയൊടുക്കാം. അപ്പോൾ അവരുടെ നിലവിളി കേൾക്കാൻ ആരുമുണ്ടാവില്ല. അവർ രക്ഷിക്കപ്പെടുകയുമില്ല.

إِلَّا رَحْمَةً مِّنَّا وَمَتَـٰعًا إِلَىٰ حِينٍ ﴿٤٤﴾

44. രക്ഷപ്പെടുന്നുവെങ്കിൽ അത് നമ്മിൽനിന്നുള്ള കാരുണ്യമായിട്ടും നിശ്ചിതകാലത്തോളം ജീവിതമനുഭവിക്കാനുള്ള അനുമതിയായിട്ടും മാത്രമാകുന്നു.

**41,44**

وَآيَةٌ لَهُمْ = അവർക്കൊരു (മഹാ)ദൃഷ്ടാന്തമാകുന്നു أَنَّا حَمَلْنَا = നാം വഹിച്ചു(രക്ഷിച്ചു) എന്നത്

ذُرِّيَّتَهُمْ = അവരുടെ സന്താനങ്ങളെ, വംശത്തെ فِي الْفُلْكِ الْمَشْحُونِ = നിറഞ്ഞ കപ്പലിൽ

وَخَلَقْنَا لَهُم = അവർക്കു നാം സൃഷ്ടിച്ചുകൊടുത്തതും مِّن مِّثْلِهِ = അതുപോലുള്ളതിനാൽ

مَا يَرْكَبُونَ = അവർ സവാരി ചെയ്യുന്നത് (അവർക്കു സഞ്ചരിക്കാൻ വേറെ വാഹനങ്ങളും)

وَإِن نَّشَأْ = നാം ഉദ്ദേശിക്കുന്നുവെങ്കിൽ (നമുക്കു വേണമെങ്കിൽ) نُغْرِقْهُمْ = നാം അവരെ മുക്കിയൊടുക്കാം

فَلَا صَرِيخَ لَهُمْ = അപ്പോൾ അവർക്ക് നിലവിളിക്കുന്നവൻ (അവരുടെ നിലവിളി കേൾക്കാൻ ആരും) ഉണ്ടാവില്ല

وَلَا هُمْ يُنقَذُونَ = അവർ രക്ഷിക്കപ്പെടുന്നവരുമല്ല

إِلَّا رَحْمَةً مِّنَّا = (രക്ഷപ്പെടുന്നുവെങ്കിൽ അത്) നമ്മിൽനിന്നുള്ള കാരുണ്യമായിട്ടല്ലാതെ (കാരുണ്യമായിട്ടും)

وَمَتَاعًا = ജീവിതവിഭവമായിട്ടും (ജീവിതം അനുഭവിക്കാനുള്ള അനുവാദമായിട്ടു മാത്രമാകുന്നു)

إِلَىٰ حِينٍ = നിശ്ചിത കാലത്തോളം

മക്കളും വംശവുമാണ് ذرية. ആദമിന്റെ (അ) മക്കളും മനുഷ്യ വംശവും ذرية آدم ആണ്. മക്കളും പേരക്കിടാങ്ങളുമാണ് رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا എന്ന വാക്യത്തിലെ ذريات. ഇവിടെ അവരുടെ ذرية കൊണ്ട് വിവക്ഷിക്കുന്നത് മനുഷ്യവംശത്തെതന്നെയാണ്. നിറഞ്ഞ കപ്പൽ നൂഹ് നബി (അ) നിർമിച്ച കപ്പലും. നൂഹ് (അ) അല്ലാഹുവിന്റെ കൽപനയിലും മേൽനോട്ടത്തിലും വലിയൊരു കപ്പൽ നിർമിച്ചതും പ്രളയമുണ്ടായപ്പോൾ അദ്ദേഹവും വിശ്വാസികളും അതിൽ കയറി രക്ഷപ്പെട്ടതുമായ സംഭവം സുവിദിതമാണല്ലോ. അവർക്കാവശ്യമായ മൃഗങ്ങളെയും ആ കപ്പലിൽ കയറ്റിയിരുന്നു. മനുഷ്യരും മൃഗങ്ങളും അവശ്യവിഭവങ്ങളും കൊണ്ട് നിറഞ്ഞിരുന്നതിനാലാണ് ആ കപ്പലിനെ فُلْكِ الْمَشْحُونِ എന്നു വിശേഷിപ്പിച്ചത്. വാഹനം കയറി സഞ്ചരിക്കുന്നതിന് ركب എന്നു പറയും. വാഹനം مركب. വാഹന യാത്രികൻ راكب ആണ്. മനുഷ്യർ സവാരിക്കുപയോഗിക്കുന്ന ഒട്ടകം മുതൽ വിമാനം വരെയുള്ള എല്ലാ വാഹനങ്ങളെയും ഉൾക്കൊള്ളുന്നതാണ് مِّن مِّثْلِهِ مَا يَرْكَبُونَ എന്ന വാക്ക്. അറബികൾ ഒട്ടകങ്ങളെ മരുക്കപ്പലുകൾ سفينة الصحراء- എന്നു വിളിച്ചിരുന്നു.

അറബികളുടെ ഏറ്റം വലിയ കരവാഹനമായിരുന്നു ഒട്ടകം. ഈ ശുഷ്ക സങ്കൽപത്തിന്റെ സ്വാധീനം കൊണ്ടാവാം ചില പൂർവികർ مِّن مِّثْلِهِ مَا يَرْكَبُونَ കൊണ്ടുദ്ദേശിക്കുന്നത് ഒട്ടകങ്ങളെയാണെന്ന് വ്യാഖ്യാനിച്ചിട്ടുള്ളത്.

صرخ (ആപത്തിലകപ്പെട്ടവരുടെ നിലവിളി, സഹായാർഥന)-ൽനിന്നുള്ള കർതൃവചനമാണ് صَرِيخَ. സഹായത്തിനു വേണ്ടി നിലവിളിക്കുന്നവനെ കുറിക്കാനും നിലവിളി കേട്ട് സഹായിക്കുന്നവനെ കുറിക്കാനും ഈ പദം ഉപയോഗിക്കും. രണ്ടർഥവും ഇവിടെ സാധുവാകുന്നു. കപ്പൽ മുങ്ങുമ്പോൾ അതിനകത്തുള്ളവർക്ക് ആരോടും സഹായാർഥന നടത്താനവസരമുണ്ടാകില്ല. അഥവാ സഹായത്തിനു വേണ്ടി നിലവിളിച്ചാൽ ആരും ആ നിലവിളി കേട്ട് സഹായത്തിനെത്തുകയുമില്ല. സുഗമമായ ജീവിതവും അതിനാവശ്യമായ വിഭവങ്ങളുമാണ് متاع.

സൂക്തങ്ങളുടെ ആശയമിതാണ്: നൂഹ് നബിയെയും വിശ്വാസികളെയും അവർക്കാവശ്യമായ ജന്തുക്കളെയൊക്കെയും മറ്റു വിഭവങ്ങളും ഒരു കപ്പലിൽ നിറച്ച് മനുഷ്യവംശത്തെ മഹാ പ്രളയത്തിൽനിന്ന് രക്ഷിച്ച സംഭവം അല്ലാഹുവിന്റെ കനിവിന്റെയും കാരുണ്യത്തിന്റെയും മഹാ ദൃഷ്ടാന്തമാകുന്നു. അല്ലാഹു ദിവ്യബോധനത്തിലൂടെ നൽകിയ അറിവുകൊണ്ട് അവന്റെ തന്നെ മേൽനോട്ടത്തിലാണീ കപ്പൽ നിർമിച്ചത്. ലോകത്ത് ആദ്യമായി നിർമിക്കപ്പെട്ട സമുദ്രയാനമായിരുന്നു അത്. അതുപോലുള്ള അനേകതരം വാഹനങ്ങൾ അല്ലാഹു മനുഷ്യർക്ക് സൃഷ്ടിച്ചുകൊടുത്തിരിക്കുന്നു. وَحَمَلْنَاهُمْ فِي الْبَرِّ وَالْبَحْرِ (നാം അവരെ കരയിലും കടലിലും വഹിച്ചു-17:70).

നൂഹ് നബിയുടെയും അദ്ദേഹത്തോടൊപ്പം കപ്പൽ കയറിയവരുടെയും സന്തതികളാണ് പിൽക്കാല മനുഷ്യസമുദായം. കപ്പൽ കയറാത്തവരെല്ലാം -നൂഹ് നബിയുടെ ഒരു പുത്രനടക്കം- മുങ്ങി നശിച്ചുപോയിരുന്നു. നൂഹ് നബിയുടെ കപ്പലിനു ശേഷം മനുഷ്യർ അനേകതരം വാഹനങ്ങൾ കണ്ടുപിടിച്ചു. എല്ലാം അല്ലാഹു കനിഞ്ഞരുളിയ വിഭവങ്ങൾ കൊണ്ട് അവൻ നിശ്ചയിച്ച പ്രകൃതിനിയമങ്ങൾ അനുസരിച്ചാണ് നിർമിക്കപ്പെടുന്നത്. അതുകൊണ്ടാണ് വാഹന നിർമാണത്തിന്റെ കർതൃത്വം 'നാം അവർക്ക് സൃഷ്ടിച്ചുകൊടുത്തു'- خَلَقْنَا لَهُم എന്ന് അല്ലാഹുവിലേക്ക് ചേർത്തുപറയുന്നത്. അവൻ സൃഷ്ടിച്ചുവെച്ച വിഭവങ്ങളും കണിശമായ പദാർഥ നിയമങ്ങളും അവലംബിക്കാതെ മനുഷ്യന് സ്വന്തമായി യാതൊന്നും നിർമിക്കാനാവില്ല.

അഗാധമായ കരകാണാകടലിൽ തിരമാലകൾ കീറിമുറിച്ചു നീന്തുന്ന മഹായാനങ്ങൾ അതിലെ സഞ്ചാരികളെയടക്കം അല്ലാഹുവിന് വേണമെങ്കിൽ മുക്കിക്കളയാൻ ഒരു പ്രയാസവുമില്ല. മറ്റാരുടെയും അനുവാദം അതിനു വേണ്ട. കപ്പൽ മുങ്ങുമ്പോൾ അതിലെ യാത്രക്കാർക്ക് ആരോടും സഹായത്തിനു വേണ്ടി നിലവിളിക്കാനവസരം ലഭിക്കുന്നില്ല. നിലവിളിച്ചാൽ തന്നെ ആരും അതു കേട്ട് സഹായത്തിനെത്തുകയുമില്ല. ഒരുവിധേനയും രക്ഷപ്പെടുകയുമില്ല. വല്ലവരും രക്ഷപ്പെട്ടു കരക്കണയുന്നുവെങ്കിൽ ആ രക്ഷപ്പെടലും നിശ്ചിത കാലം വരെ അവർക്ക് ജീവിതമനുഭവിക്കാൻ അവസരം ലഭിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ട് മാത്രമാകുന്നു.

ഖുർആൻ അവതരിക്കുന്ന കാലത്ത് അതിന്റെ സംബോധിതർക്ക് അറിയാവുന്ന, കൂട്ടമരണത്തിനിടയാക്കുന്ന ഏക വാഹനാപകടം കപ്പൽച്ചേതമായിരുന്നു. പിന്നീട് ഇവിടെ സൂചിപ്പിക്കുന്നതുപോലെ, കടലിലും കരയിലും ആകാശത്തുമെല്ലാം നൂറുകണക്കിൽ ആളുകൾ ഒരുമിച്ച് സഞ്ചരിക്കുന്ന പലതരം വലിയ വാഹനങ്ങൾ നിർമിക്കപ്പെട്ടു. അവയും അപകടത്തിൽ പെടുകയും കൂട്ടമരണം സംഭവിക്കുകയും ചെയ്യുന്നുണ്ട്. വാഹനങ്ങളിൽ അപകടമൊഴിവാക്കാനുള്ള മുൻകരുതലുകൾ നിരവധിയാണ്. കപ്പലുകളിലായാലും വിമാനങ്ങളിലായാലും തീവണ്ടികളിലായാലും അപകടവേളയിൽ സഹായം തേടാനും രക്ഷക്കെത്താനുമുള്ള ധാരാളം സൗകര്യങ്ങൾ ആധുനിക വിവര വിനിമയ മാധ്യമങ്ങൾ ഒരുക്കിവെച്ചിരിക്കുന്നു. എന്നിട്ടും ലോകത്ത് വൻ വാഹനാപകടങ്ങളും കൂട്ടമരണങ്ങളും ധാരാളം നടക്കുന്നു. ആധുനിക സാങ്കേതികോപാധികളൊന്നും പൂർണമായ വാഹന സുരക്ഷിതത്വം നൽകുന്നില്ല. ആയിരക്കണക്കിന് ടൺ ചരക്കുകയറ്റിയ കപ്പലുകൾ അതിലെ ജീവനക്കാരോടൊപ്പം കടലിലെവിടെയോ അപ്രത്യക്ഷമാകുന്നു. എവിടെ മുങ്ങി എന്നു കണ്ടെത്താൻ വർഷങ്ങൾക്കു ശേഷവും കഴിയുന്നില്ല. നൂറുകണക്കിന് യാത്രക്കാർ കയറിയ വിമാനങ്ങൾ യന്ത്രത്തകരാറ് മൂലം തകർന്നു വീഴുന്നു. ഭൂമിയിൽനിന്നുള്ള ആക്രമണത്താൽ കത്തിയെരിയുന്നു. ചിലത് അജ്ഞാതമായ കാരണങ്ങളാൽ എവിടെയോ അപ്രത്യക്ഷമാകുന്നു. ഏതാനും പതിറ്റാണ്ടുകൾക്കു മുമ്പ് അപ്രത്യക്ഷമായ 'കൈരളി' എന്ന കേരളത്തിന്റെ കപ്പലും രണ്ടു വർഷം മുമ്പ് അപ്രത്യക്ഷമായ മലേഷ്യൻ വിമാനവും ഉദാഹരണങ്ങളാകുന്നു.

ദൃഷ്ടാന്തങ്ങളെക്കുറിച്ചു പറയുന്ന സൂക്തങ്ങൾ മൊത്തത്തിൽ നൽകുന്ന ഒരു പാഠം ഇതാകുന്നു. ഭൂമിയുടെയും അതിലെ ജീവജാലങ്ങളുടെയും നിലനിൽപിനാധാരമായ പ്രകൃതിശക്തികളുടെ കടിഞ്ഞാൺ അല്ലാഹുവിന്റെ കരങ്ങളിലാണ്. ആകാശ ഗോളങ്ങളും അന്തരീക്ഷവും മണ്ണും വെള്ളവുമെല്ലാം മനുഷ്യ ജീവിതത്തിന്റെ ഭൗതിക താൽപര്യങ്ങൾക്ക് വിധേയമായിട്ടാണ് വർത്തിക്കുന്നതെങ്കിലും അവ പ്രവർത്തിക്കുന്നത് മനുഷ്യന്റെ നിയന്ത്രണത്തിലല്ല. അല്ലാഹു ഇഛിക്കുമ്പോൾ പ്രകൃതി അവനെ തിരിച്ചടിക്കും. അല്ലാഹുവിന്റെ കാരുണ്യത്താൽ ആയുസ്സ് നീട്ടപ്പെട്ടവർ മാത്രമേ അതിൽനിന്ന് രക്ഷപ്പെടൂ. മനുഷ്യൻ ഈ ലോകത്തനുഭവിക്കുന്ന സൗഭാഗ്യങ്ങളത്രയും സ്വന്തം ശക്തി കൊണ്ടും യോഗ്യത കൊണ്ടും ആർജിച്ചിട്ടുള്ളതല്ല. എല്ലാം അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് ലഭിച്ചതാണ്. ഒരു നിശ്ചിത കാലത്ത് മാത്രമേ അവൻ അനുഗൃഹീതനായി വാഴുകയുള്ളൂ. അതു കഴിഞ്ഞാൽ തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കെല്ലാം അതു നൽകിയവനോട് ഉണ്ടായിരിക്കേണ്ട കൂറിന്റെയും നന്ദിയുടെയും ബാധ്യത ശരിക്കും നിറവേറ്റിയോ ഇല്ലയോ എന്ന് ചോദ്യം ചെയ്യപ്പെടുന്ന ഒരു സന്ദർഭം സമാഗതമാകും. ●

وَإِذَا قِيلَ لَهُمُ ٱتَّقُوا۟ مَا بَيْنَ أَيْدِيكُمْ وَمَا خَلْفَكُمْ لَعَلَّكُمْ تُرْحَمُونَ ﴿٤٥﴾

45. നിങ്ങളുടെ മുന്നിലുള്ളതിനെയും പിന്നിലുള്ളതിനെയും കാത്തുകൊള്ളുവിൻ, ദൈവകാരുണ്യം പ്രതീക്ഷിക്കാം എന്നുപദേശിക്കുമ്പോൾ അവർ പുഛരിക്കുകയാണ്.

وَمَا تَأْتِيهِم مِّنْ ءَايَةٍ مِّنْ ءَايَٰتِ رَبِّهِمْ إِلَّا كَانُوا۟ عَنْهَا مُعْرِضِينَ ﴿٤٦﴾

46. അവരുടെ നാഥങ്കൽനിന്നുള്ള ഏതു ദൃഷ്ടാന്തം വരുമ്പോഴും അവരതിനെ അവഗണിച്ചുതള്ളുക തന്നെ ചെയ്യുന്നു.

**45,46**

وَإِذَا قِيلَ لَهُمُ= അവർ പറയപ്പെടുമ്പോൾ (അവരെ ഉപദേശിക്കുമ്പോൾ)

اتَّقُوا= നിങ്ങൾ കാത്തുകൊള്ളുവിൻ مَا بَيْنَ أَيْدِيكُمْ وَمَا خَلْفَكُمْ= നിങ്ങളുടെ മുമ്പിലുള്ളതിനെയും പിന്നിലുള്ളതിനെയും

لَعَلَّكُمْ تُرْحَمُونَ= നിങ്ങൾ കരുണ ചെയ്യപ്പെടാം (ദൈവകാരുണ്യം പ്രതീക്ഷിക്കാം)

وَمَا تَأْتِيهِم= അവർക്കു വരുന്നില്ല (വരുമ്പോഴും)

مِّنْ آيَةٍ مِّنْ آيَاتِ رَبِّهِمْ= അവരുടെ നാഥങ്കൽനിന്നുള്ള ദൃഷ്ടാന്തങ്ങളിൽനിന്ന് ഒരു (ഏതു) ദൃഷ്ടാന്തം

إِلَّا كَانُوا عَنْهَا مُعْرِضِينَ= അവർ അതിനെ അവഗണിക്കുന്നവരായിട്ടല്ലാതെ (അവഗണിച്ചുതള്ളുക തന്നെ ചെയ്യുന്നു)

സുവ്യക്തമായ മഹാദൃഷ്ടാന്തങ്ങൾ പലതും തൊട്ടുകാണിച്ച ശേഷവും, യുക്തിചിന്തയും ദീർഘദൃഷ്ടിയും നൈസർഗികമായ ധർമബോധവും, അന്ധവിശ്വാസങ്ങളുടെയും വിഗ്രഹാരാധനാ ഭ്രമത്തിന്റെയും പിതൃഭക്തിയുടെയും ദേശീയാചാരങ്ങളുടെയുമൊക്കെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവർ ഈ ദൃഷ്ടാന്ത ദർശനങ്ങളിൽനിന്നൊന്നും ഒരു പാഠവും പഠിക്കുന്നില്ല.

ക്രിയാ വചനങ്ങളുടെ മുന്നിലാഗമിക്കുന്ന സന്ദർഭ സൂചക ശബ്ദമാണ് إِذَا. ഉദാ: إِذَا جَاءَ വന്നാൽ, വരുമ്പോൾ. സംഭവിക്കുമെന്നുറപ്പുള്ളതോ സംഭവിക്കാൻ തടസ്സമില്ലാത്തതോ ആയ കാര്യം സംഭവിക്കുമ്പോഴുണ്ടാകുന്ന പ്രതികരണം പറയാനാണ് ഈ ശബ്ദം ഉപയോഗിക്കുക. ഉദാ: إِذَا نُودِيَ لِلصَّلَاةِ-നമസ്കാരത്തിന് ബാങ്കുവിളിക്കപ്പെട്ടാൽ. വെള്ളിയാഴ്ച ബാങ്കുവിളി സാധാരണ നടക്കുന്ന കാര്യമാണ്. إِذَا -യുടെ സ്ഥാനത്ത് ان എന്നാണ് വരുന്നതെങ്കിൽ തുടർന്ന് പറയുന്ന ക്രിയ നടക്കുമോ ഇല്ലേ എന്ന കാര്യം സംശയാസ്പദമായിരിക്കും. وان قلت എന്നാൽ 'നിങ്ങൾ പറഞ്ഞെങ്കിൽ.' നിങ്ങളുടെ പറയൽ നടന്നുവെന്നോ നടക്കുമെന്നോ ഉറപ്പില്ല. പ്രജ്ഞാശൂന്യരായ ആളുകളെ ഉപദേശിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക പ്രവാചകന്റെയും വിശ്വാസികളുടെയും ചുമതലയാണ്. അവർ അതു നിർവഹിച്ചുകൊണ്ടിരിക്കും. ادع الى سبيل ربك -നാഥന്റെ മാർഗത്തിലേക്ക് പ്രബോധനം ചെയ്യുക എന്ന് കൽപിക്കപ്പെട്ടവരാണല്ലോ അവർ. കൂടാതെ സത്യനിഷേധത്തിലകപ്പെട്ട് ദൈവകോപത്തിനിരയാകുന്ന സഹോദരന്മാരെ രക്ഷിക്കാൻ ശ്രമിക്കുന്നതിന് യഥാർഥ സത്യവിശ്വാസിയെ അവന്റെ വിശ്വാസം തന്നെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കും. പ്രവാചകൻ പ്രസ്താവിച്ചു: لَا يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ-തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുവോളം നിങ്ങളിലാരും സത്യവിശ്വാസിയാകുന്നില്ല.

مَا بَيْنَ أَيْدِيكُمْ وَمَا خَلْفَكُمْ -'നിങ്ങളുടെ മുന്നിലുള്ളതിനെയും പിന്നിലുള്ളതിനെയും' എന്നു പറഞ്ഞതിന് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിരിക്കുന്നു. മുന്നിലുള്ളത് പരലോക ജീവിതവും പിന്നിലുള്ളത് ഈ ലോകത്തെ ഇതര സമുദായങ്ങളുടെ അവസ്ഥയുമാണെന്ന് ഇബ്നു അബ്ബാസ് വ്യാഖ്യാനിച്ചതായി മുജാഹിദും ഇബ്നു ജരീറും പറയുന്നു. ഖതാദയും സുഫ്‌യാനുസ്സൗരിയും പറഞ്ഞത് നേരെ മറിച്ചാണെന്നത്രെ. ഉപദേശിക്കുമ്പോൾ എന്താണുണ്ടാവുക എന്ന് ആദ്യസൂക്തം പറയുന്നില്ല. രണ്ടാമത്തെ സൂക്തത്തിലെ إِلَّا كَانُوا عَنْهَا مُعْرِضِينَ -അവർ അതിനെ അവഗണിക്കുക തന്നെ ചെയ്യുന്നു എന്ന വാക്യത്തിൽനിന്നും ഈ ഉപദേശത്തിനും അവരുടെ പ്രതികരണം അവഗണനയും പുഛവും തന്നെ എന്നു മനസ്സിലാകും എന്നതുകൊണ്ടാണത്. രണ്ടു വ്യാഖ്യാനമനുസരിച്ചും ഉപദേശിക്കുന്നതിതാണ്: ധിക്കാരികളായ പൂർവ സമുദായങ്ങൾക്കേർപ്പെട്ട ദുരിതങ്ങൾ നിങ്ങളെയും ബാധിക്കുന്നതിനെയും മരിച്ചു ചെന്നാൽ പരലോകത്ത് കൊടിയ ശിക്ഷ നേരിടേണ്ടിവരുന്നതിനെയും കാത്തുകൊള്ളുവിൻ. അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ധർമശാസനകളനുസരിച്ചു ജീവിക്കുകയും ചെയ്യുവിൻ. എങ്കിൽ നിങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുമെന്നും ആ ദൗർഭാഗ്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ കഴിയുമെന്നും പ്രതീക്ഷിക്കാം. പക്ഷേ, വിധാതാവിന്റെ ഏതു ദൃഷ്ടാന്തം കാണിച്ചുകൊടുത്താലും ഇക്കൂട്ടർ അതെല്ലാം പുഛരിച്ചു തള്ളുകയാണ്. ഇവിടെ آيَاتِ رَبِّهِمْ - അവരുടെ വിധാതാവിന്റെ ദൃഷ്ടാന്തങ്ങൾ- എന്നു പറഞ്ഞതിൽ പ്രാപഞ്ചികമായ ദൃഷ്ടാന്തങ്ങളും പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങളും വേദസൂക്തങ്ങളും എല്ലാം ഉൾപ്പെടുന്നു. ●

+91 9447757806